പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5821 25.05.2017 ൽ മറുപടിയ്ക്ക്

## കായിക സർവ്വകലാശാലയും ഹൈ ആൾട്ടിറ്റ്യൂഡ് പരിശീലനകേന്ദ്രങ്ങളും ആരംഭിക്കാൻ നടപടി

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | കായികരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടും ഒട്ടേറെ ഒളിമ്പ്യൻമാരെ സൃഷ്ടിച്ചിട്ടും കേരളത്തിനുമാത്രം ഒരു കായിക സർവ്വകലാശാല ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കായിക മേഖലയുടെ ഉന്നമനത്തിനായി ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരികയാണ് |
| ബി) | ലോകോത്തര നിലവാരത്തിലുള്ള ഒരു കായിക സർവ്വകലാശാല കേരളത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിയ്ക്കുമോ; | | |
| സി) | ഹൈ ആൾട്ടിറ്റ്യൂഡ് മേഖലയിൽ സ്ഥിതി ചെയ്യുന്ന ലോകരാഷ്ട്രങ്ങളിലെ പല സ്റ്റേഡിയങ്ങളിലും മൽസരിക്കുമ്പോൾ കേരള കായികതാരങ്ങൾ പിൻതള്ളപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇല്ല. കേരളത്തിലെ കായിക താരങ്ങൾ അന്തർദേശീയ നിലവാരത്തിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിയ്ക്കുന്നുണ്ട്. |
| ഡി) | ഇന്ത്യയിൽ ഹൈ ആൾട്ടിറ്റ്യൂഡ് മേഖലയിൽ പരിശീലനകേന്ദ്രങ്ങൾ കുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | ഇന്ത്യയിൽ ഹൈ ആൾട്ടിറ്റ്യൂഡ് മേഖലയിൽ പരിശീലനകേന്ദ്രങ്ങൾ കുറവാണെങ്കിലും കേരളത്തിൽ മൂന്നാറിൽ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ പ്രവർത്തിയ്ക്കുന്നുണ്ട്. ടി സെന്ററിൽ ഏറ്റവും മികച്ച അന്തർദേശീയ നിലവാരത്തിലുള്ള ആധുനിക പരിശീലന സൗകര്യങ്ങൾ ഉൾക്കൊള്ളിയ്ക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| ഇ) | കേരളത്തിൽ മൂന്നാറിലടക്കം ഇത്തരം ഹൈ ആൾട്ടിറ്റ്യൂഡ് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | ഇ) | നിലവിൽ മൂന്നാറിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ പ്രവർത്തിയ്ക്കുന്നുണ്ട്. ടി സെന്ററിൽ കായിക താരങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | ഏറ്റവും മികച്ച അന്തർദേശീയ നിലവാരത്തിലുള്ള ആധുനിക പരിശീലന സൗകര്യങ്ങൾ ഉൾക്കൊള്ളിയ്ക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**